## സുബൈദ



**തൃശൂർ** കൂർക്കഞ്ചേരി വനിതാ ഹൽഖയിലെ പ്രവർത്തകയായിരുന്നു എം. ഷഹീദിന്റെ ഭാര്യ സുബൈദ. മരണപ്പെടുന്നതിന് ഒരു വർഷം മുമ്പാണ് അവർ തൃശൂർ അയ്യന്തോൾ വനിതാ ഹൽഖയിൽ ചേർന്നതും അവിടത്തെ നാസിമത്തായി തെരഞ്ഞെടുക്കപ്പെട്ടതും. ജീവിതത്തിലെ പരീക്ഷണങ്ങൾ അവർ ക്ഷമയോടെ നേരിട്ടു. താനൊരു അസുഖക്കാരിയാണ് എന്നറിഞ്ഞിട്ടും തന്റെ സഹപ്രവർത്തകരെ അറിയിക്കാതെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ചു.

അതിഥി സൽക്കാരത്തിൽ മുൻപന്തിയിലായിരുന്നു സുബൈദ. ജീവിതത്തിൽ വളരെ വിഷമിച്ച സമയത്തു പോലും ശീലത്തിന് അവർ കുറവ് വരുത്തിയില്ല.

**കെ.കെ ഹമീദ് മനക്കൊടി**
**തൃശൂർ**

## പൂച്ചാക്കൽ പി.എം അബ്ദുല്ല

**പി.എം** അബ്ദുല്ല സാഹിബ് ആദ്യകാല പ്രസ്ഥാന പ്രവർത്തകനും ജമാഅത്തെ ഇസ്‌ലാമി അംഗവുമായിരുന്നു. 1956-ൽ കെ. അബ്ദുസ്സലാം മൗലവിയുമായി ബന്ധപ്പെട്ട് അദ്ദേഹം പാണാവള്ളി പൂച്ചാക്കൽ ഭാഗത്ത് ഒരു ഹൽഖ രൂപവത്കരിച്ചു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യുന്നതിൽ വലിയ സേവനമാണ് അദ്ദേഹം നിർവഹിച്ചത്. അദ്ദേഹത്തിന്റെ ശ്രമഫലമായി പള്ളിയിൽ നടന്നുകൊണ്ടിരുന്ന ചന്ദനക്കുടം കൊടികുത്ത് നേർച്ചകൾ നിർത്തലാക്കുകയുണ്ടായി.

കെ. അബ്ദുസ്സലാം മൗലവി, അബുൽ ജലാൽ മൗലവി ഇസ്സുദ്ദീൻ മൗലവി തുടങ്ങി ഒട്ടേറെ നേതാക്കൾ ആദ്യകാലങ്ങളിൽ അദ്ദേഹത്തിന്റെ വീട്ടിൽ നിത്യ സന്ദർശകരായിരുന്നു. ഹാജിസാഹിബ് തന്റെ അവസാന പൊതുപ്രഭാഷണം നടത്തിയത് അബ്ദുല്ല സാഹിബ് പൂച്ചാക്കൽ ടൗണിൽ സംഘടിപ്പിച്ച പൊതുയോഗത്തിലാണ്.

പാണാവള്ളിയുടെ അടുത്ത പ്രദേശങ്ങളായ വൈക്കം, തലയോലപറമ്പ്, കുലശേഖരമംഗലം, ചെമ്പ്, പൂത്തോട്ട, പെരുമ്പളം, അരൂർ, ചന്തിരൂർ, കുത്തിയതോട്, ചാവടി, പൊന്നാംവെളി, മുഹമ്മ തുടങ്ങിയ പ്രദേശങ്ങളിൽ അദ്ദേഹം സ്‌ക്വാഡ് പ്രവർത്തനങ്ങൾ നടത്തുകയും അടുത്ത പ്രദേശത്തെ പല വീടുകളിലും മദ്റസകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. മക്കൾ എസ്.എ അബ്ദുർറഷീദ്, എസ്. സിറാജുദ്ദീൻ, സൗദാബീവി. എല്ലാവരും ഇസ്‌ലാമിക പ്രവർത്തകരാണ്.

**എസ്.എ സിറാജുദ്ദീൻ ഉമരി,**
**കൊച്ചി**

## എ. അലിമുഹമ്മദ്



**ജമാഅത്തെ** ഇസ്‌ലാമി ആലംകോട് മുത്തഫിഖ് ഹൽഖ നാസിമായിരുന്ന അലി മുഹമ്മദ് സാർ. ജില്ലയിലെ വിവിധ ഹൈസ്കൂളുകളിൽ മലയാള ഭാഷാധ്യാപകനായിരുന്ന അദ്ദേഹം ആറ്റിങ്ങൽ ഗവ. ബോയ്സ് ഹൈസ്കൂളിൽനിന്നാണ് റിട്ടയർ ചെയ്തത്.

കമ്യൂണിസ്റ്റ് ചിന്താഗതിക്കാരനായിരുന്ന പരേതൻ പ്രസ്ഥാന പ്രവർത്തകരുമായുള്ള ബന്ധത്തിലൂടെയാണ് ഇസ്‌ലാമിനെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നത്. ആലംകോട് ജംഗ്ഷനു സമീപമുള്ള ഇസ്‌ലാമിക് സെന്ററിന്റെ നിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചു. മുപ്പതു കിലോമീറ്ററിലധികം യാത്രചെയ്ത് മെഡിക്കൽ കോളേജ് പള്ളിയിലെ ഖുർആൻ പഠനക്ലാസിൽ കൃത്യമായി പങ്കെടുക്കുമായിരുന്നു. ആറ്റിങ്ങലിനടുത്ത പ്രദേശമായ നിലയ്ക്കാമുക്കിലെ ഖുർആൻ സ്റ്റഡി സെന്ററിലെ അധ്യാപകനും കൂടി ആയിരുന്നു അദ്ദേഹം.

ഭാര്യ സഫിയാബീവി (റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: ഡോ. ഷീജ് അഷ്റഫ് (ആയുർവേദ ഡിസ്പൻസറി, കിളിമാനൂർ), നമീറാ സമദ്, മെനോഹിൽ അലി. മരുമക്കൾ: ഡോ. അഷ്റഫുദ്ദീൻ (അസോ. പ്രഫ. ആയുർവേദ കോളേജ്, തിരുവനന്തപുരം), അബ്ദുസ്സമദ്(ഗൾഫ്).

**പ്രഫ. പി.എ സഹീദ്**
**തിരുവനന്തപുരം**

## ഒ.സി കുഞ്ഞിക്കൊമ്മുഹാജി

**എ.ആർ** നഗർ ഇരുമ്പുചോല സ്വദേശിയാണ് ഒ.സി കുഞ്ഞിക്കൊമ്മു ഹാജി. കെ. മൊയ്തുമൗലവിയുമായുള്ള ബന്ധത്തിലൂടെയാണ് പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനായത്. ഇരുമ്പുചോല ജമാഅത്ത് ഘടകവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. ഭാര്യയും ഒരു മകളും മൂന്നു ആൺമക്കളുമുണ്ട്.

**എം.കെ അബ്ദുറഹിമാൻ**
**ഇരുമ്പുചോല**

## ഖദീജ



**നിറഞ്ഞ** പുഞ്ചിരിയോടെ ഞങ്ങളെ കാണാൻ വരുന്ന കൂട്ടുകാരിയായിരുന്നു ഖദീജ ചെറുവറ്റ(38). പ്രസ്ഥാന പ്രവർത്തനങ്ങളിൽ അവർ സജീവ പങ്കാളിത്തം വഹിച്ചിരുന്നു. പന്ത്രണ്ട് വർഷം കോഴിക്കോട് കോവൂരിലും പിന്നീട് ചെറുവറ്റയിലും പ്രസ്ഥാന പ്രവർത്തനത്തിൽ അവർ മുൻനിരയിൽ നിന്നു. ചെറുവറ്റ ഹൽഖാ നാസിമത്തായിരുന്നു. ഐ.പി.എച്ച് ജീവനക്കാരനായ നാസറിന്റെ ഭാര്യയാണ്. നാല് കുട്ടികളുണ്ട്.

**നജ്മ മജീദ് കോവൂർ**

---

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.*